**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 266** **08-10-2025 - ൽ മറുപടിയ്ക്ക്**

**വിദേശത്ത് വിദ്യാഭ്യാസം നേടിയവർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരള മൈഗ്രേഷൻ സർവേ 2023-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് നിന്നും രണ്ടര ലക്ഷം വിദ്യാർഥികൾ വിദേശ പഠനം നടത്തുന്നതായി വ്യക്തമായിട്ടുള്ള സാഹചര്യത്തിൽ, വിസാ നിയന്ത്രണങ്ങൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ വിദേശത്ത് ജോലി ലഭിക്കാതെ നിരവധി യുവജനങ്ങൾ സമീപഭാവിയിൽ കേരളത്തിലേക്ക് മടങ്ങി എത്തും എന്ന കാര്യം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | വിദേശപഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് വിദേശത്ത് ജോലി ലഭിക്കാതെ വരുന്ന സാഹചര്യങ്ങൾ സംബന്ധിച്ച് തൊഴിൽ വകുപ്പ് പ്രത്യേക പഠനം നടത്തുകയോ ഇത് സംബന്ധിച്ച് വിവരശേഖരണം നടത്തുകയോ ചെയ്തിട്ടില്ല. |
| (ബി) | വായ്പാ തിരിച്ചടവ് ഉൾപ്പെടെയുള്ള കാരണങ്ങളാൽ വലിയ പ്രതിസന്ധികൾ നേരിടേണ്ടി വന്നേക്കാവുന്ന വിദേശ വിദ്യാഭ്യാസം നേടിയ യുവാക്കൾക്ക് സംസ്ഥാനത്ത് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഇവരുടെ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | വിദേശപഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് വിദേശത്ത് ജോലി ലഭിക്കാതെ വരുന്ന സാഹചര്യങ്ങൾ സംബന്ധിച്ച് തൊഴിൽ വകുപ്പ് പ്രത്യേക പഠനം നടത്തുകയോ ഇത് സംബന്ധിച്ച് വിവരശേഖരണം നടത്തുകയോ ചെയ്തിട്ടില്ല. എന്നാൽ, വിദേശത്ത് വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതും നാട്ടിലേക്ക് മടങ്ങി വന്നിട്ടുള്ളതുമായ പ്രവാസി മലയാളികൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് പ്രത്യേക പോർട്ടൽ (പ്രവാസി പോർട്ടൽ) തയ്യാറാക്കി പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ തൊഴിൽ മേഖല സമീപഭാവിയിൽ നേരിട്ടേക്കാവുന്ന ഈ പ്രതിസന്ധി മുന്നിൽ കണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ചുവടെ ചേർക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1.കെസ്റു 2.മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ് / ജോബ് ക്ലബ്ബ് 3. ശരണ്യ 4.നവജീവൻ 5. കൈവല്യ<br><br>ഇതിന് പുറമേ സംസ്ഥാനത്ത് നിലവിൽ ലഭ്യമായ സർക്കാർ/സ്വകാര്യ മേഖലകളിലെ |

തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നതിനായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ചുവടെ പരാമർശിക്കും വിധം നടപടികൾ സ്വീകരിച്ച് വരുന്നു.

1. സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണം പദ്ധതി

2. എംപ്ലോയബിലിറ്റി സെന്റർ പദ്ധതി

3. സമന്വയ പദ്ധതി.

1. സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണം പദ്ധതി

I) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതിയുടെ ഭാഗമായി 14 ജില്ലാ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ മുഖേനയും യൂണിവേഴ്സിറ്റികളോടനുബന്ധിച്ചുള്ള 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ മുഖേനയും പി എസ് സി / യു പി എസ് സി / എസ് എസ് സി തുടങ്ങിയ മത്സരപരീക്ഷകളുള്ള പരിശീലന പരിപാടികൾ; സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാനവ്യാപകമായി നിയുക്തി മെഗാ ജോബ് ഫെയറുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

II) കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയിട്ടുള്ള മോഡൽ കരിയർ സെന്റർ പദ്ധതി പ്രകാരം സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് ജോബ് ഫെയർ / പ്ലേസ്മെന്റ് ഡ്രൈവ് നടത്തി വരുന്നു .

III) കേന്ദ്ര സർക്കാരിന്റെ മിഷൻ മോഡ് പ്രൊജക്റ്റ് ഫോർ ഇന്റർ ലിങ്കിംഗ് ഓഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് എന്ന പദ്ധതിയുടെ ഭാഗമായും ജോബ് ഫെയറുകൾ സംഘടിപ്പിച്ച് വരുന്നു.

2. എംപ്ലോയബിലിറ്റി സെന്റർ പദ്ധതി

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടെ 2012 -13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ എംപ്ലോയബിലിറ്റി സെന്റർ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു. ടി

| | | | |
|---|---|---|---|
| | | | സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കിൽസ്, ഭാഷാ പരിജ്ഞാനം എന്നിവ മെച്ചപ്പെടുത്തി സ്വകാര്യ മേഖലയിൽ തൊഴിൽ നേടുന്നതിനുള്ള അവരുടെ കഴിവ് മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.<br>എംപ്ലോയബിലിറ്റി സെന്റർ പദ്ധതി മുഖേന നാളിതുവരെ സംഘടിപ്പിച്ച 3586 ഡ്രൈവുകൾ/ ജോബ്ഫെയർ നിന്നും 60,493 നിയമനങ്ങൾ സ്വകാര്യ മേഖലകളിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.<br><br>3.സമന്വയ പദ്ധതി<br><br>സംസ്ഥാനത്തെ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിലന്വേഷകരെ വിവിധ തൊഴിലവസരങ്ങൾക്ക് പ്രാപ്തരാക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് ബാങ്കിംഗ് റിക്രൂട്ട്മെന്റ് / പിഎസ്‌സി/ യുപിഎസ്‌സി തുടങ്ങിയ വിവിധ മത്സരപരീക്ഷകൾക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നു.<br><br>തൊഴിൽ വകുപ്പിന് പുറമെ മറ്റ് സർക്കാർ വകുപ്പുകളും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ